# കേരള സർവകലാശാല

നം.പി.ആർ.12/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### വൈവാ വോസി

2019 നവംബർ/ഡിസംബർ മാസങ്ങളിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ (വിദൂരവിദ്യാഭ്യാസം) എം.എസ്.സി മാത്തമാറ്റിക്സ് (2017 അഡ്മിഷൻ) പരീക്ഷയുടെ വൈവാ വോസി 2020 ജനുവരി 28, 29, 30, 31, ഫെബ്രുവരി 1 തീയതികളിൽ കാര്യവട്ടം, വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 0471 – 2386442

### പ്രാക്ടിക്കൽ

2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (ഡാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ 2020 ജനുവരി 21 മുതൽ 27 വരെ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.സി.എ കോഴ്സിന്റെ പ്രായോഗിക പരീക്ഷ ജനുവരി 23 മുതൽ അതത് കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാതീയതി

ഒന്ന്, മൂന്ന് സെമസ്റ്റർ ബി.ഡെസ്സ് പരീക്ഷകൾ 2020 ജനുവരി 24 നും, അഞ്ചാം സെമസ്റ്റർ ബി. ഡെസ്സ് പരീക്ഷ ജനുവരി 28 നും ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2020 ജനുവരിയിൽ ആരംഭിക്കുന്ന എം.സി.എ ഒന്ന്, മൂന്ന് സെമസ്റ്റർ റെഗുലർ ആന്റ് സപ്ലിമെന്ററി (2015 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷയ്ക്ക് പിഴ കൂടാതെ 2020 ജനുവരി 23 വരെയും 150 രൂപ പിഴയോടെ ജനുവരി 24 വരെയും 400 രൂപ പിഴയോടെ ജനുവരി 25 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) ഡിഗ്രി പരീക്ഷകൾ 2020 ഫെബ്രുവരി 10 ന് ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ജനുവരി 25 വരെയും 150 രൂപ പിഴയോടെ ജനുവരി 29 വരെയും 400 രൂപ പിഴയോടുകൂടി ജനുവരി 31 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫലം

2019 ആഗസ്റ്റിൽ നടത്തിയ ബി.പി.എ (മേഴ്സിചാൻസ്) ബിരുദ ആന്വൽ സ്കീം പാർട്ട് ഒന്നും രണ്ടും പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഫ്ലൈനായി ഫീസടച്ച് നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ ജനുവരി 29 വരെ അപേക്ഷിക്കാം.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
17.01.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098